# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 2372

23.03.2012 ൽ മറുപടിക്ക്

## അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.പി.ജയരാജൻ | ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി<br>വ്യവസായവും വിവര സാങ്കേതികവും<br>നഗരകാര്യവും വകുപ്പ് മന്ത്രി |
| എ) നടപ്പ് സാമ്പത്തിക വർഷം അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി മുഖേന കേരളത്തിലെ നഗര സഭകളിൽ എത്ര തൊഴിൽദിനങ്ങൾക്കാവശ്യമായ ലേബർ ബഡ്ജറ്റ് തയ്യാറാക്കിയിരുന്നുവെന്ന് വ്യക്തമാക്കുമോ; | എ) നടപ്പ് സാമ്പത്തിക വർഷം അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ലേബർ ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തൊഴിൽ ദിനങ്ങളുടെ എണ്ണം 4497134 ആണ്. |
| ബി) നാളിതുവരെ എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചുവെന്ന് വ്യക്തമാക്കുമോ ; | ബി) അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി നാളിതുവരെ 65780 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. |
| സി) നാളിതുവരെ അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി മുഖേന എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ; | സി) അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയ്ക്ക് നാളിതുവരെ 4,04,82,060/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| ഡി) 2011-12 ൽ മുൻ ധന മന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയ്ക്കായി എത്ര തുക വകയിരുത്തിയിരുന്നുവെന്ന് വ്യക്തമാക്കുമോ ; | ഡി) 40 കോടി രൂപ |
| ഇ) ഈ ഗവണ്മെന്റ് അധികാരത്തിൽവന്നതിനു ശേഷം അവതരിപ്പിച്ച 2011-12 ലെ പുതുക്കിയ ബഡ്ജറ്റിൽ ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടായിരുന്നുവെന്നും വ്യക്തമാക്കുമോ ? | ഇ) 5 കോടി രൂപ |

സെക്ഷൻ ഓഫീസർ